**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5565** 2-11-2016 -ൽ **മറുപടിക്ക്**

**ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം**

| | ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം അനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് കണ്ണൂർ ജില്ലക്ക് എത്ര കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം അനുസരിച്ച് കണ്ണൂർ ജില്ലയിലെ കണ്ണൂർ, കണ്ണൂർ കന്റോൺമെന്റ്, കൂത്തുപറമ്പ, തലശ്ശേരി, മട്ടന്നൂർ, പയ്യന്നൂർ, തളിപ്പറമ്പ എന്നീ ടൗണുകളിലായി പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും 66.45 കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം ഘടകങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; | (ബി) | ഈ പദ്ധതിയനുസരിച്ച് അംഗീകാരം ലഭിച്ച ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 11 കെ.വി. ലൈൻ നിർമ്മാണം.<br>2. 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ നിർമ്മാണം.<br>3. ട്രാൻസ്ഫോമർ സ്ഥാപിക്കൽ.<br>4. എൽ.റ്റി ലൈൻ നിർമ്മാണം.<br>5. കേടായ മീറ്ററുകളും, മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കുക.<br>6. ഗവൺമെന്റ് ഓഫീസുകളിൽ പ്രീ-പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുക.<br>7. കാലപ്പഴക്കം വന്ന എൽ.റ്റി. ലൈനുകൾ മാറ്റി പുതിയ ലൈനുകൾ നിർമ്മിക്കുക.<br>8. സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക. |

| | | | |
|---|---|---|---|
| | | | 9. നിലവിലുള്ള 33 കെ.വി,. സബ്സ്റ്റേഷനുകളുടെ നവീകരണവും ആധുനികവൽക്കരണവും.<br>10. കാലപ്പഴക്കം വന്ന 33 കെ.വി. ഫീഡറുകൾ മാറ്റി പുതിയവ നിർമ്മിക്കുക. |
| (സി) | പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീമിന് 15.06.2016-ൽ ആണ് കേന്ദ്ര സർക്കാരിൽ നിന്നും പവർ ഫിനാൻസ് കോർപ്പറേഷൻ വഴി അംഗീകാരം ലഭിച്ചത്. 24 മുതൽ 30 മാസക്കാലമാണ് പദ്ധതിയുടെ കാലാവധി. പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചു വരികയാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**